# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5510 01/07/2014-ൽ മറുപടിക്ക്

## ആദിവാസികൾക്കായി വാങ്ങിയതിൽ 1530 ഹെക്ടർ സ്ഥലത്ത് മറ്റു കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി വാങ്ങിയ സ്ഥലത്തിൽ ഫാമായി നിലനിർത്തിയിട്ടുള്ള 1530 ഹെക്ടർ സ്ഥലത്ത് മറ്റെന്തെങ്കിലും കൃഷി ചെയ്യുന്നുണ്ടോ ; | (എ) | 1530 ഹെക്ടർ സ്ഥലത്ത്, ഫാം ഏറ്റെടുക്കുന്ന സമയത്ത് ഉണ്ടായിരുന്ന വിവിധയിനം കൃഷികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ പുതുതായി നട്ടിട്ടുള്ള 175 ഹെക്ടർ റബ്ബർ/കശുമാവ് എന്നിവയിൽ പൈനാപ്പിൾ ഇടവിള കൃഷി ചെയ്യുന്നതിന് പുറം കരാർ നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള കൃഷി ചെയ്യാൻ അനുമതി അവിടത്തെ ഫാമിങ് കോർപ്പറേഷന് നൽകിയിട്ടുണ്ടോ; | (ബി) | ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള ലിമിറ്റഡ് ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരമാണ് പ്രസ്തുത പുറംകരാർ മുഖേന അനുമതി നൽകിയിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ മറ്റ് കൃഷി നടത്താൻ കരാറുകാരെ കണ്ടെത്തിയതിന്റെ നടപടിക്രമം വിശദീകരിക്കാമോ ; | (സി) | ടെണ്ടർ നോട്ടീസ്/പത്രപ്പരസ്യം മുഖേനയാണ് ഇടവിള കൃഷിക്കാരെ കണ്ടെത്തിയത്. |
| (ഡി) | ആർക്കൊക്കെയാണ് ഇത്തരത്തിൽ ഇടവിള കൃഷി നടത്താൻ കരാർ നൽകിയിട്ടുള്ളതെന്നും അവർക്ക് ഓരോരുത്തർക്കും നൽകിയിട്ടുള്ള ഭൂവിസ്തൃതിയും വ്യക്തമാക്കാമോ; ഈ കരാറുകാരിൽ പട്ടികവർഗ്ഗക്കാർ എത്ര പേർ ഉണ്ടെന്ന് പറയാമോ; | (ഡി) | 1. M/s അഗ്രിൻകോ, കണ്ണൂർ- 31 ഹെക്ടർ<br>2. ശ്രീ. മാത്യു ജോൺ, വടക്കേക്കുടിയിൽ, വാഴക്കുളം - 22.50 ഹെക്ടർ<br>3. ശ്രീ. സുനിൽ ജോർജ്ജ്, കൊടമുള്ളിൽ ഹൗസ്, വാഴക്കുളം - 92.50 ഹെക്ടർ<br>4. ശ്രീ. ഡി. മോഹൻ, കൊയലായിൽ ഹൗസ്, തൊടുപുഴ, ഇടുക്കി- 19 ഹെക്ടർ<br>5. ശ്രീ. എ.ടി. രാജു, ആലംകോട്, തൊടുപുഴ, ഇടുക്കി - 10 ഹെക്ടർ<br>ഇവർ ആരുംതന്നെ പട്ടികവർഗ്ഗക്കാരല്ല. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; ഇത്തരത്തിൽ കരാർ നൽകിയത് വഴി ആദിവാസി ക്ഷേമം ഉറപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം പുറം കരാറുകാർ ഫാം നൽകുന്ന കശുമാവ്/റബ്ബർ കൃഷിയ്ക്കുള്ള സ്ഥലം ഒരുക്കി കുഴി എടുത്ത് തൈ നട്ട് വേലികെട്ടി മൂന്നു വർഷക്കാലം തൈകൾ ഒന്നും നഷ്ടപ്പെടാതെ സംരക്ഷിച്ച് തരുന്നു. വർഷാവസാനം എഗ്രിമെന്റ് പ്രകാരമുള്ള കൈതച്ചക്ക ഫാമിനു നൽകുന്നു. പുറം കരാറുകാർ ഫാമിന്റെ നിർദ്ദേശാനുസരണം ഫാമിലുള്ള പട്ടികവർഗ്ഗ തൊഴിലാലികളെ ജോലിയ്ക്കായി നിയമിക്കുന്നു. പുറം കരാറുകാർ നിയോഗിച്ചിട്ടുള്ള തൊഴിലാളികളിൽ 75 ശതമാനവും പട്ടികവർഗ്ഗ തൊഴിലാളികളാണ്. അതിലുപരി, പുറം കരാറുകാർ നട്ടു സംരക്ഷിച്ച് തരുന്ന റബ്ബർ/കശുമാവ് എന്നിവയിൽ നിന്നും ലഭിക്കുന്ന വരുമാനം പട്ടികവർഗ്ഗ ക്ഷേമത്തിന് രൂപീകരിച്ചിട്ടുള്ള ആറളം ഫാമിംഗ് കോർപ്പറേഷനു മാത്രമുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**